DESPATCHED
8/2/22

31/01/22

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
## തിരുവനന്തപുരം 695 001

ഫോൺ: 0471 2561603, ഫാക്സ്: 0471 2330920

E-mail: sic.ker@nic.in

**ഹർജി നമ്പർ AP No.991(4)/21/എസ്.ഐ.സി.**

**തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**

**(ഫയൽ നം.7488/എസ്.ഐ.സി-ജി2/2021 )**

**ശ്രീ. കെ.വി. സുധാകരൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**തീയതി:31.01.2022**

ശ്രീ.രാജേന്ദ്രൻ.കെ,
ശ്രീരാഗം, AR(S)RA No.86,
അശോക റോഡ്, കലൂർ.പി.ഒ.,
കൊച്ചി- 682 017. — അപ്പീൽ ഹർജിക്കാരൻ

1. സ്റ്റേറ്റ് പബ്ലിക്ക് ഇൻഫർമേഷൻ ഓഫീസർ & അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ടൗൺപ്ലാനിംഗ്, ഇടപ്പള്ളി സോൺ, കൊച്ചി നഗരസഭ.
2. അപ്പീൽ അധികാരി & എക്സിക്യൂട്ടീവ് എഞ്ചിനീയർ-1 ടൗൺപ്ലാനിംഗ് വിഭാഗം.

— എതിർകക്ഷികൾ

**അന്തിമ ഉത്തരവ്**

ടി അപ്പീൽ ഹർജിയിൽ കമ്മീഷൻ 29.11.2021 ൽ ഉത്തരവ് പുറപ്പെടുവിച്ചിരുന്നതാണ്. ഉത്തരവ് കൈപ്പറ്റി പതിനഞ്ചു ദിവസത്തിനകം അപ്പീൽ ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങളും രേഖകളുടെ പകർപ്പുകളും പൂർണ്ണമായി സൗജന്യമായി ടിയാന് നൽകേണ്ടതാണെന്നും, ആയത് നൽകുന്നതിൽ കാലതാമസം വരുത്തിയതിന് നടപടിയെടുക്കാതിരിക്കാൻ കാരണങ്ങളുണ്ടെങ്കിൽ ആയത് ഉത്തരവ് കൈപ്പറ്റി പതിനഞ്ചു ദിവസത്തിനുള്ളിൽ കമ്മീഷന് നൽകേണ്ടതാണ് എന്നായിരുന്നു ടി ഉത്തരവിൽ പറഞ്ഞിരുന്നത്.

2) ഇതനുസരിച്ച് ഒന്നാം എതിർകക്ഷി 27.12.2021 ൽ തയ്യാറാക്കിയതായി രേഖപ്പെടുത്തിയിട്ടുള്ള വിശദീകരണം 06.01.2022 ൽ കമ്മീഷൻ ഓഫീസിൽ ലഭിച്ചു. ടി വിശദീകരണത്തിൽ ഇപ്രകാരം പറയുന്നു.

"വിവരാവകാശ നിയമം വകുപ്പ് 5(2) ഖണ്ഡിക 2 പ്രകാരം മറുപടി നൽകുന്നതിന് 37 ദിവസം കാലപരിധിയുണ്ടെന്നും, അതു കണക്കാക്കുമ്പോൾ. നിശ്ചിത സമയപരിധിക്കകം തന്നെ ഫീസ് അടച്ച് അപേക്ഷകന് മേൽ സമയപരിധിക്കകം തന്നെ പകർപ്പുകൾ കൈപ്പറ്റാവുന്നതായിരുന്നു. ഒന്നാം അപ്പീൽ ഉത്തരവ് അനുസരിച്ച് അപേക്ഷ പ്രകാരമുള്ള വിവരങ്ങൾ ഏഴു ദിവസത്തിനകം നൽകണമെന്ന് ഉത്തരവായിട്ടുള്ളതാണ്. ടി സമയം വിവരങ്ങൾ അടങ്ങിയ ഫയൽ എക്സിക്യൂട്ടീവ് എഞ്ചിനീയർ, സൂപ്രണ്ടിംഗ് എഞ്ചിനീയർ, സെക്രട്ടറി എന്നിവരുടെ മറ്റൊരു വിഷയത്തിലെ ഉത്തരവുകൾക്കായി നഗരസഭ പ്രധാന ഓഫീസിലേക്ക് അയച്ചിരിക്കുകയായിരുന്നു. എന്നിരുന്നാലും, അപ്പീൽ ഉത്തരവിന്റെ ഗൗരവം കണക്കിലെടുത്ത് അപേക്ഷകനെ ഫോണിൽ ബന്ധപ്പെട്ട് വിവരങ്ങൾ ധരിപ്പിക്കുകയും, ടി ഫയൽ ഇടപ്പള്ളി മേഖലാ ഓഫീസിൽ തിരികെ വരുന്ന മുറയ്ക്ക് മറുപടി നൽകിയാൽ മതിയെന്ന് അപേക്ഷകൻ അറിയിക്കുകയും ചെയ്തു. ആയതുപ്രകാരം ഫയൽ തിരികെ ലഭിച്ചയുടൻ 17.04.2021 ൽ അപ്രൂവ്ഡ് പ്ലാൻ, ആധാരം എന്നിവയൊഴിച്ച് ബാക്കി രേഖകളുടെ പകർപ്പ് അപേക്ഷകനായ ശ്രീ.കെ.രാജേന്ദ്രൻ നേരിട്ട് കൈപ്പറ്റിയിട്ടുള്ളതാണ്". ഇതിനു ശേഷം, ബിൽഡിങ്ങ് പ്ലാൻ പകർപ്പ് അയച്ചുകൊടുത്തതായി ഒന്നാം എതിർകക്ഷി അപേക്ഷകന് നൽകിയ കത്തിന്റെ പകർപ്പിൽ നിന്ന് കമ്മീഷൻ കരുതുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ അപ്പീൽ ഹർജിയിന്മേൽ തുടർ നടപടികൾ അവസാനിപ്പിച്ച് ഇന്നേ ദിവസം 31.01.2022 ന് അന്തിമ ഉത്തരവ് പുറപ്പെടുവിക്കുന്നു.

**(ഒപ്പ്)**
**കെ.വി.സുധാകരൻ,**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**കമ്മീഷൻ സെക്രട്ടറി**

Va